പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 526 24.7.2015 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാരമേഖലയിലെ താമസസൗകര്യം

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. പാലോട് രവി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | വിനോദ സഞ്ചാര മേഖലയിലെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. പ്രധാന ഗസ്റ്റ് ഹൗസുകൾ/ യാത്രീനിവാസുകൾ /കേരളാ ഹൗസുകൾ എന്നിവയുടെ നവീകരണവും പുനരുദ്ധാരണവും നടന്നു വരുന്നു. പൊന്മുടി, മൂന്നാർ എന്നിവിടങ്ങളിൽ അക്കൊമഡേഷൻ കോംപ്ലക്സുകളുടെ പണി ആരംഭിച്ചു. കണ്ണൂർ ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക്, ദേവികുളം യാത്രി നിവാസ് എന്നിവ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ എടുത്തു വരുന്നു. കൂടാതെ സ്വദേശ വിദേശ വിനോദ സഞ്ചാരികൾ പൊതുജനങ്ങൾ എന്നിവർക്കും കൂടി കുറഞ്ഞ ചെലവിൽ സുരക്ഷിതമായ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് പുതിയതായി കന്യാകുമാരി, ഗുരുവായൂർ, അതിരപ്പള്ളി എന്നിവിടങ്ങളിൽ 3 യാത്രീ നിവാസുകൾ ബഡ്ജറ്റ് അക്കോമഡേഷൻ ഉദ്ദേശത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം കണ്ടെത്തി കഴിഞ്ഞു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | സംസ്ഥാനത്തെത്തുന്ന ഗവർണർമാർ/ കേന്ദ്രമന്ത്രിമാർ / വിശിഷ്ട/ അതിവിശിഷ്ട വ്യക്തികൾ/ കേന്ദ്ര സംസ്ഥാന ഉന്നതോദ്യോഗസ്ഥർ/വിദേശപ്രതിനിധികൾ/ സ്വദേശ-വിദേശ വിനോദസഞ്ചാരികൾ/സാധാരണക്കാർ എന്നിവർക്ക് മികച്ച താമസസൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം. |
| സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | സി) | വിനോദസഞ്ചാര മേഖലയിൽ താമസസൗകര്യം ഒരുക്കുന്നതിനായി പുതിയതായി 3 യാത്രീ നിവാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതുകൂടാതെ വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സേവനം നൽകുന്നതിനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ഫർണീഷിംഗ് എന്നിവ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ